# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 185 — 19.06.2012 ൽ മറുപടിക്ക്

## ഇ-ഡിസ്ട്രിക്റ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |

(എ) ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ് ; വിശദമാക്കുമോ:

(എ) വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായി വീടിനടുത്തുള്ള പൊതുജന സേവന കേന്ദ്രത്തിൽ (അക്ഷയ) നിന്നും ഓൺലൈൻ വഴി ലഭ്യമാക്കുന്നതാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. അതാത് വകുപ്പുകളിൽ നടപ്പിലാക്കിയ കമ്പ്യൂട്ടർവൽക്കരണം പരമാവധി പ്രയോജനപ്പെടുത്തി സുതാര്യമായും നിഷ്പക്ഷമായും വേഗത്തിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. ബന്ധപ്പെട്ട ഓഫീസുകളിൽ നിരവധി തവണ കയറിയിറങ്ങാതെ തന്നെ വിവിധ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെയുള്ള സേവനങ്ങളാണ് ഈ കേന്ദ്രങ്ങളിലൂടെ ലഭിക്കുക. കേരളത്തിൽ കണ്ണൂരും പാലക്കാടുമാണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പാക്കി വരുന്നത്. പൈലറ്റടിസ്ഥാനത്തിൽ റവന്യൂ വകുപ്പിന്റെ 23 സേവനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.

ജില്ലയിലെ മുഴുവൻ വില്ലേജോഫീസുകളെയും താലൂക്കോഫീസുകളെയും കമ്പ്യൂട്ടർ ശൃംഖലയിലൂടെ ബന്ധിപ്പിച്ചു കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പ് തന്നെ വേണ്ട പരിശീലനം നൽകി വരുന്നുണ്ട്. തിരുവനന്തപുരത്തെ ഡേറ്റാ സെന്ററിലാണ് ഇതുമായി ബന്ധപ്പെട്ടവിവരങ്ങൾ ശേഖരിച്ചു സൂക്ഷിക്കുന്നത്. നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) നിർമ്മിച്ച സോഫ്റ്റ് വെയറിലാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത്. സ്വതന്ത്ര സോഫ്റ്റ് വെയർ സംവിധാനത്തിലധിഷ്ഠിതമായാണ് ഈ സേവനങ്ങൾ എല്ലാം തന്നെ ലഭ്യമാക്കുന്നത്.

**പ്രവർത്തന രീതി**

ഇതിലേക്കായി ഒരു പൊതുവായ ആപ്ലിക്കേഷൻ ഫോം ഉണ്ടാകും. ജാതി,വരുമാനം, ലൊക്കേഷൻ മുതലായ 23 സർട്ടിഫിക്കറ്റുകൾക്കായി

പൊതുജനത്തിന് അക്ഷയ കേന്ദ്രം വഴി പൊതുവായ ആപ്ലിക്കേഷൻ ഫോമിലൂടെ അപേക്ഷിക്കാവുന്നതാണ്. അവിടെ നിന്ന് അത് വില്ലേജോഫീസർക്ക് ഓൺലൈനായി എത്തുന്നു. എസ്.എസ്.എൽ.സി ബുക്ക്, ഡ്രൈവിംഗ് ലൈസൻസ്, റേഷൻ കാർഡ്, പാൻകാർഡ്, വോട്ടർ ഐ.ഡി എന്നിവയുടെ സഹായത്തോടു കൂടി വില്ലേജോഫീസർ അത് പരിശോധിച്ചതിനു ശേഷം താലൂക്കോഫീസർക്ക് പരിശോധനക്ക് വേണ്ടി ഓൺലൈനായി അയച്ചു കൊടുക്കുന്നു. പരിശോധിച്ച ശേഷം താലൂക്കോഫീസർ ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് സർട്ടിഫിക്കറ്റിനംഗീകാരം നൽകുകയും ചെയ്യുന്നു. അംഗീകാരം നൽകിയ സർട്ടിഫിക്കറ്റുകൾ അതാത് അക്ഷയ സെന്ററിന് തിരികെ നൽകുകയും അപേക്ഷകന് അവിടെ നിന്നു തന്നെ ഇവ സ്വീകരിക്കാവുന്നതുമാണ്. ഇത്തരത്തിൽ നൽകി വരുന്ന സർട്ടിഫിക്കറ്റുകളുടെ ഔദ്യോഗിക അംഗീകാരം ഉറപ്പു വരുത്തിക്കൊണ്ട് 04.08.2010 തീയതിയിലെ സ.ഉ. (പി) നമ്പർ 24/2010/വിസവ എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഏതൊക്കെ ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(ബി) കണ്ണൂർ, പാലക്കാട് ജില്ലകളിലാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(സി) പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) 2013-ഓടെ കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഇ-ഡിസ്ട്രിക്ട് പദ്ധതി കേരളത്തിലാകമാനം വ്യാപിപ്പിക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി (DeGS) രൂപീകരിച്ചു വരുന്നു. ജില്ലാ കളക്ടറുടെ നേതൃത്വത്തിലാണ് ഈ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ പത്തനംതിട്ട, കോട്ടയം, മലപ്പുറം എന്നീ ജില്ലകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ജില്ലകളിലെ എല്ലാ വില്ലേജോഫീസർമാർക്കും ഇതിനു വേണ്ട പരിശീലനം നൽകി വരുന്നു.

Rahul. K. Jaiswal

സെക്ഷൻ ഓഫീസർ